പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2821

14.12.2015-ലെ മറുപടിയ്ക്ക്

## കഠിനംകുളം -കടലുകാണി ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ട്, കടലുകാണി എന്നീ ടൂറിസം പദ്ധതികൾ പരിപാലനമില്ലാതെ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ ഭാഗമായ കൊല്ലമ്പുഴ പാർക്ക് വികസന പദ്ധതിയുടെ നിലവിലെ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലുകാണി ടൂറിസം പദ്ധതി പരിപാലനമില്ലാതെ നശിച്ച് പോകുന്നു എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടിട്ടില്ല |
| (ബി) പ്രസ്തുത പദ്ധതികളുടെ പരിപാലനം ഏത് ഏജൻസിയെയാണ് ഏല്പ്പിച്ചിരിക്കുന്ന തെന്ന് വ്യക്തമാക്കുമോ<br>(സി) പ്രസ്തുത പദ്ധതികൾ സംരക്ഷിച്ച് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും<br>കഠിനംകുളം പദ്ധതി നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ സിഡ്കോ കൈമാറുന്ന മുറയ്ക്ക് പദ്ധതി പരിപാലനം അനുയോജ്യമായ ഏജൻസികളെ ഏല്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.<br>കടലുകാണി ടൂറിസം പദ്ധതി, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പുളിമാത്ത് ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ